# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1543 | 03.05.2017 ൽ മറുപടിയ്ക്ക്

## <u>സാംസൺ & സൺസ് ബിൽഡേഴ്സിനെതിരെയുള്ള പരാതി</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| സാംസൺ & സൺസ് ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സിന്റെ അപ്പാർട്ട്മെന്റുകൾ ബുക്ക് ചെയ്തിട്ടുള്ളവർക്ക് കരാർ പ്രകാരമുള്ള തീയതി കഴിഞ്ഞെങ്കിലും അപ്പാർട്ട്മെന്റുകൾ കൈമാറിയിട്ടില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; സാംസൺ & സൺസിനെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുമോ? | ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റിയിൽ പേരൂർക്കട പോലീസ് സ്റ്റേഷൻ പരിധിയിൽ 10 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പുകാരായ ജോൺ ജേക്കബ്, സാമുവൽ ജേക്കബ്, ധന്യ മേരി വർഗ്ഗീസ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട് കമ്പനിയുടെ ചെയർമാനായ ജേക്കബ് സാംസൺ മുൻകൂർ ജാമ്യത്തിനായി ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അറിവായിട്ടുണ്ട്. ഇതു സംബന്ധിച്ച കേസ്സുകൾ ഇപ്പോൾ തിരുവനന്തപുരം ജില്ലാ ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ടീം ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.